**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4392** 25.10.2016 **ൽ മറുപടിക്ക്.**

**ചെക്ക് പോസ്റ്റുകളിലെ വരുമാന ചോർച്ച**

| | ചോദ്യം<br>ശ്രീ.കെ.കൃഷ്ണൻകുട്ടി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| എ) | പാലക്കാട് ജില്ലയിലെ വിവിധ സെയിൽ ടാക്സ് ഓഫീസുകളിൽ നിന്നും വിവിധ ചെക്കു പോസ്റ്റുകളിൽ നിന്നും ഒരു വർഷം എത്ര വരുമാനം സർക്കാരിന് ലഭിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ; | എ) | പാലക്കാട് ജില്ലയിലെ വിവിധ സെയിൽ ടാക്സ് ഓഫീസുകളിൽ നിന്നും വിവിധ ചെക്കുപോസ്റ്റുകളിൽ നിന്നുമായി 2015-16 സാമ്പത്തിക വർഷത്തിൽ 950.59 കോടി രൂപ വരുമാനമായി സർക്കാരിന് ലഭിച്ചിട്ടുണ്ട്. |
| ബി) | വരുമാന ചോർച്ച സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | ബി & സി) | വരുമാനചോർച്ച സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>വരുമാന ചോർച്ചയുടെ പഴുതുകളടയ്ക്കുവാനും വരുമാനം വർദ്ധിപ്പിക്കാനും ഉള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br>1. കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുകയും സിസ്റ്റം സ്കൂട്ടിനി സാധ്യമാകുന്ന സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.<br>2. ഉപഭോക്താക്കൾ ബില്ല് ചോദിച്ച് വാങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു.<br>അതുപോലെതന്നെ കംപ്യൂട്ടർ ബില്ലിംഗ് ഉള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തത്സമയം തന്നെ അപ് ലോഡ് ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി നിയമ നിർമ്മാണം നടത്താനും ഉദ്ദേശിക്കുന്നു. |
| സി) | വരുമാന ചോർച്ചയുടെ പഴുതുകളടയ്ക്കുവാനും വരുമാനം വർദ്ധിപ്പിക്കാനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ആലോചിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | | |

—>

| | | | |
|---|---|---|---|
| | | | 3.കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കും.<br><br>4.ചെക്ക്പോസ്റ്റുകളെ ആധുനിക ഡാറ്റാ കളക്ഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റും .<br><br>5.അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കും.<br><br>6. റിട്ടേൺ സ്കൂട്ടിനി , കുടിശ്ശിക അസസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കും.<br><br>7 റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തും.<br><br>8 നികുതി ചോർച്ച തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.<br><br>9. ഓഡിറ്റ് വിസിറ്റ് വിഭാഗത്തെക്കൂടി ഉൾപ്പെടുത്തി ഇന്റേണൽ ഓഡിററ് വിഭാഗം ശക്തിപ്പെടുത്തുന്നതാണ്.<br><br>10. നികുതി ഉപദേശക സേവന യൂണിറ്റ് ആരംഭിക്കും.<br><br>11. വാറ്റ് കൺസൾട്ടേറ്റീവ് കമ്മറ്റി പ്രവർത്തന ക്ഷമമാക്കും<br><br>12. അനുമാന നികുതിദായകർക്കും കെ.ജി.എസ്.റ്റി കുടിശ്ശികയുള്ളവർക്കുമായി ആംനസ്റ്റി പദ്ധതി നടപ്പിലാക്കി. |

സെക്ഷൻ ഓഫീസർ